(ബി) നിലവിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ കോളേജുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ചാണ് അനദ്ധ്യാപക തസ്തികകളുടെ എണ്ണം കണക്കാക്കുന്നത്. കോളേജ് അദ്ധ്യാപകരുടെ എണ്ണത്തിലെ വർദ്ധനവിനനുസരിച്ച് അനദ്ധ്യാപക തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നകാര്യം പരിഗണനയിലില്ല.

കൊരട്ടി ഗവൺമെൻറ് പോളിടെക്നിക്ക് കോളേജിലെ എൻ.സി.സി. ഓഫീസർ

5(2907) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊരട്ടി ഗവൺമെൻറ് പോളിടെക്നിക്ക് കോളേജിലെ എൻ.സി.സി. ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ, ഇവിടുത്തെ എൻ.സി.സി. യൂണിറ്റ് സസ്പെൻറ് ചെയ്യപ്പെട്ടതുമൂലം കേഡറ്റുകൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി എൻ.സി.സി. ഓഫീസറെ നിയമിക്കുന്നതടക്കമുള്ള അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

കൊരട്ടി സർക്കാർ പോളിടെക്നിക്ക് കോളേജിലെ എൻ.സി.സി. യൂണിറ്റ് നിലനിർത്തുന്നതിനായി ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെൻറേഷൻ ബ്രാഞ്ചിലെ ലക്ചറർ ശ്രീമതി ടി. ജി. ശ്രീമതിക്ക് യൂണിറ്റിന്റെ താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്. ഈ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സ്വകാര്യ കോളേജുകൾക്ക് എയ്ഡഡ് പദവി

6(2908) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്വകാര്യ കോളേജുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവ ഓരോന്നും ഏതെല്ലാം ജില്ലകളിൽ ഏത് സർവ്വകലാശാല പരിധിയിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) എത്ര അറബിക് കോളേജുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ട് ; ഏതെല്ലാം ജില്ലകളിൽ എത്ര വീതം എന്ന് വ്യക്തമാക്കാമോ ;

(സി) അറബിക് കോളേജുകൾ എയ്ഡഡ് കോളേജുകളാക്കുന്നതിന് സർവ്വകലാശാല ചട്ടം അനുശാസിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) പുതുതായി അനുവദിച്ച എയ്ഡഡ് കോളേജുകളുടെ പ്രവർത്തനത്തിന് പ്രതിവർഷം എന്ത് തുക അധികബാധ്യത വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly